പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 665

2.12.2014 ൽ
മറുപടിയ്ക്ക്

## കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി ; | | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും, നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും എന്നും അറിയിക്കാമോ ; | എ) | ഇൻഫോപാർക്ക് കൊരട്ടിയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പാർക്കിൽ 3.3 ലക്ഷം ചതുരശ്രയടി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ബഹുനില ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഏകദേശം 74 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത ഐ.ടി. മന്ദിരം 2015 മേയ് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) | കൊരട്ടി ഇൻഫോപാർക്കിന് കൂടുതൽ ഭൂമി ലഭ്യമാക്കുന്നതിനും, സെസ് പദവി ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | ബി) | കൊരട്ടി ഇൻഫോപാർക്കിന് ഇപ്പോൾ ലഭ്യമായ 30 ഏക്കർ സ്ഥലം വൈഗ ത്രെഡ്സിന് ഗവൺമെന്റ് പാട്ടത്തിന് നൽകിയ സ്ഥലത്തുനിന്നും ഏറ്റെടുത്ത് നൽകിയതാണ്. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റും വൈഗ ത്രെഡ്സും കക്ഷികളായി വിവിധ കേസുകൾ കോടതികളിൽ നിലനിൽക്കുന്നുണ്ട്. ഈ കേസുകൾ തീർപ്പായതിനുശേഷം വൈഗ ത്രെഡ്സിന്റെ പക്കൽ ബാക്കിവരുന്ന സ്ഥലം ഏറ്റെടുത്ത് ഇൻഫോപാർക്ക് കൊരട്ടിക്ക് ലഭ്യമാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇൻഫോപാർക്ക് കൊരട്ടിയിലെ നിലവിലുള്ള 30 ഏക്കറിൽ 18 ഏക്കർ സ്ഥലത്തിന് ഇതിനോടകം തന്നെ പ്രത്യേക സാമ്പത്തികമേഖലാ പദവി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ